പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 430 | 21.07.2015- ൽ മറുപടിക്ക്

## മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ. വി.റ്റി. ബൽറാം
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

ഉത്തരം

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് ; | (എ) | മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സ.ഉ (എം.എസ്) 37/2013/സാനീവ തീയതി 6.05.2013 പ്രകാരം "മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം - 2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നയത്തിൽ നിർദ്ദേശിച്ച പ്രകാരം വയോജനങ്ങൾക്കുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനും വിവിധ ഗവൺമെന്റ് സെക്രട്ടറിമാരടങ്ങിയ കമ്മിറ്റിക്ക് സ.ഉ (ആർ.റ്റി) 402/13/സാനീവ തീയതി 29.07.2013 പ്രകാരം രൂപം നൽകിയിട്ടുണ്ട്.<br>ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് Multi Task Care Provider, Nurse, Counsellor എന്നിവരുടെ സേവനം കേരള സാമൂഹ്യ സുരക്ഷ മിഷനിലൂടെ നൽകി വരുന്നു. സംസ്ഥാനത്തെ വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി കോർപ്പറേഷൻ /മുനിസിപ്പാലിറ്റികളിൽ വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ പ്രതിമാസം രണ്ടു തവണ ഓരോ പ്രദേശത്തും സംഘടിപ്പിക്കുന്ന ക്ലിനിക്കിലൂടെ സൗജന്യമായി മരുന്നുകൾ, |

| | | | |
|---|---|---|---|
| | | | പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നു. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ മുഴുവൻ ക്ഷേമസ്ഥാപനങ്ങൾക്കും പ്രയോജന പ്പെടുന്ന രീതിയിൽ ഒരു മൊബൈൽ ക്ലിനിക്കിലൂടെ ആയുർവേദ ഡോക്ടർ, അലോപ്പതി ഡോക്ടർ, നഴ്സ്, കൗൺസിലർ, യോഗ ഇൻസ്ട്രക്ടർ എന്നിവരുടെ സേവനവും സൗജന്യ മരുന്നുകളും നൽകുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇവർക്കായി പ്രത്യേക റഗുലേറ്ററി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) യും (സി) യും | മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ.വി.കെ.ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ (എം.എസ്) 34/2015/സാനീവ തീയതി 21.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ